## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3208 — 15.02.2013-ലെ മറുപടിക്ക്

### റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, വി. ഡി. സതീശൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, എം. എ. വാഹീദ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച പരാതികളും മറ്റ് പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഏതെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;<br><br>(ബി). ഇതിനായി സംസ്ഥാനത്ത് പ്രത്യേക സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ). & (ബി). പൊതുമരാമത്ത് വകുപ്പ് വക റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും പരാതികളും കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഒരു പരാതി പരിഹാര സെൽ കെ.എസ്.റ്റി.പി.-യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2009 നവംബർ 23 മുതൽ ഇതിനായി ടോൾഫ്രീ നമ്പർ **18004257771** പ്രവർത്തിച്ച് വരുന്നു. ഇവിടെ ലഭിക്കുന്ന പരാതികൾക്ക് അതാത് വിഭാഗങ്ങളുമായി ബന്ധപ്പെട്ട് പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്., കൂടാതെ പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിലും പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. |
| (സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെൽ മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ? | (സി). പരാതികൾ സ്വീകരിക്കുക, അവ ബന്ധപ്പെട്ട വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് എത്തിക്കുക. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 48 മണിക്കൂറിനുള്ളിൽ പരാതിക്കാരനെ വിളിക്കുകയും വിശദമായി പരാതി ചോദിച്ചറിയുകയും അതിൻമേൽ സ്വീകരിക്കാവുന്ന നടപടിയെപ്പറ്റി പരാതിക്കാരനെ ബോധ്യപ്പെടുത്തേണ്ടതുമാകുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ അവർക്ക് ലഭിച്ച പരാതി, പരാതിയിൻമേൽ സ്വീകരിച്ച നടപടി എന്നിവ കാണിച്ചുകൊണ്ട് ദ്വൈവാര റിപ്പോർട്ട് പബ്ലിക് ഇൻഫർമേഷൻ സെല്ലിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ഓരോ ദിവസവും കിട്ടുന്ന പരാതികളുടെ ഡെയിലി റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്കും, ഭരണവിഭാഗം ചീഫ് എൻജിനീയർക്കും അയച്ചുകൊടുക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ